ചുമട്ടു തൊഴിലാളി നിയമം

245 [416] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്ഥലങ്ങളിൽ ചുമട്ടുതൊഴിലാളി നിയമം നടപ്പിലാക്കി ;

(ബി) സംസ്ഥാന വ്യാപകമായി ഈ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കും ?

ഉത്തരം

(എ) ചുമട്ടു തൊഴിലാളി നിയമം 20-5-1981 മുതൽ സംസ്ഥാനത്ത് ഒട്ടാകെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കൈത്തറി വ്യവസായത്തിൽ ജോലിചെയ്യുന്ന തൊഴിലാളികൾ

246. [417] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായത്തിൽ ജോലിചെയ്യുന്ന തൊഴിലാളികൾ എത്ര ; അവരിൽ സ്ത്രീകൾ എത്ര ;

(ബി) അവർക്ക് വർഷത്തിൽ ശരാശരി എത്രദിവസം തൊഴിൽ ലഭിക്കുന്നു ; എന്താണ് കണക്കാക്കിയിരിക്കുന്നത് ;

(സി) കൈത്തറി വ്യവസായത്തിൽ ജോലിചെയ്യുന്ന സ്ത്രീകളുടേയും പുരുഷൻമാരുടേയും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) മൊത്തം 2.5 ലക്ഷം തൊഴിലാളികൾ. അവരിൽ 70,000 സ്ത്രീകളാണ്.

(ബി) ശരാശരി 200-നും 250-നും ഇടയ്ക്ക്.

(സി) കേരളത്തിൽ മഴക്കാല ദിവസങ്ങളിൽ നെയ്ത്തു സംബന്ധമായ പ്രവർത്തനങ്ങൾ നടത്തുവാൻ സാദ്ധ്യമല്ലാത്തതിനാൽ നിലവിലുള്ള 200-250 ദിവസങ്ങൾ തന്നെ ഏറ്റവും കൂടുതൽ പ്രവർത്തിക്കാവുന്ന ദിവസങ്ങളാണ്.

തൊഴിലാളി സ്ത്രീകളുടെ എണ്ണം

247. [419] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ തൊഴിലാളി സ്ത്രീകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കശുവണ്ടി വ്യവസായ തൊഴിലാളികൾ

248. [420] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വ്യവസായത്തിലെ ഇപ്പോഴത്തെ തൊഴിലാളികൾ എത്ര ; അവരിൽ സ്ത്രീകൾ എത്ര ;

(ബി) കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികൾ തൊഴിലില്ലായ്മ കൊണ്ടും പട്ടിണിമൂലവും കഷ്ടപ്പെടുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 1985-ൽ കശുവണ്ടി തൊഴിലാളികൾക്ക് മൊത്തം എത്ര ദിവസങ്ങളിൽ തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 143,899 അവരിൽ സ്ത്രീകൾ 105,316.

(ബി) ഉണ്ട്.

(സി) ശരാശരി 100 ദിവസം ഒരാൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്.

പണിമുടക്ക്, ലോക്കൗട്ട് ഇവമൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ

249. [421] ശ്രീ. പി. കെ. കെ. ബാവ :
,, ഇസ്ഹാക് കുരിക്കൾ :
,, കെ. പി. എ. മജീദ് :
,, കെ. പി. രാമൻ :
,, ഇ. റ്റി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-ൽ സംസ്ഥാനത്ത് പണിമുടക്ക്, ലോക്കൗട്ട് ഇവമൂലം ആകെ എത്ര തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ടു ;

(ബി) ലോക്കൗട്ട് മൂലം നഷ്ടപ്പെട്ട തൊഴിൽദിനങ്ങൾ എത്ര ?

ഉത്തരം

(എ) 1184,741.

(ബി) 426,486.

പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

250. [422] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവശ്യമായ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ കഴിഞ്ഞവർഷം എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി ;

LIBRARY ARCHIVES Kerala Legislative Assembly